**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4069 | 12.12.2018 ൽ മറുപടിയ്ക്ക് |
|---|---|
| **അതിക്രമങ്ങൾക്കിരയായ പാർട്ടി പ്രവർത്തകരായ സ്ത്രീകൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**ശ്രീ. വി. ടി. ബൽറാം**<br>**ശ്രീ. അനിൽ അക്കര**<br>**ശ്രീ. ഹൈബി ഈഡൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) അതിക്രമങ്ങൾക്കിരയായ രാഷ്ട്രീയ പാർട്ടി പ്രവർത്തകരായ സ്ത്രീകൾ പോലീസിൽ പരാതിപ്പെടാത്തത് എന്തുകൊണ്ടാണെന്ന് വനിത-ശിശു വികസന വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; | (എ) പഠനം നടത്തിയിട്ടില്ല. |
| (ബി) പാർട്ടി പ്രവർത്തകരും നേതാക്കളും നടത്തുന്ന കുറ്റകൃത്യങ്ങൾ പാർട്ടിതല അന്വേഷണത്തിലും നടപടിയിലും ഒതുക്കുന്നത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരാൻ കാരണമാകുമെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) ഒരു വനിതാ പ്രവർത്തകയ്ക്കെതിരെ അപമര്യാദയായി പെരുമാറിയ എം.എൽ.എയെ ന്യായീകരിച്ച വനിതാ കമ്മീഷൻ അദ്ധ്യക്ഷയുടെ നടപടി കമ്മീഷന്റെ അന്തസത്തയ്ക്ക് നിരക്കുന്നതല്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) സ്ത്രീകൾക്കെതിരെ പാർട്ടി പ്രവർത്തകരും നേതാക്കളും നടത്തുന്ന കുറ്റകൃത്യങ്ങൾ പാർട്ടിതല അന്വേഷണത്തിലും നടപടിയിലും നിജപ്പെടുത്തുന്നതിനോട് വനിത ശിശു വികസന വകുപ്പ് യോജിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) ഇത്തരം വിഷയങ്ങളിൽ നിയമപരമായ നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ